പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

10/07/2014-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 641

## <u>സ്ത്രീകൾക്കും കുട്ടികൾക്കും വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശന സൗകര്യം</u>

<u>ചോദ്യം</u>

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. കെ. രാജു.
ശ്രീമതി ഇ.എസ്. ബിജിമോൾ

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) സ്ത്രീകൾക്കും, കുട്ടികൾക്കും, വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശന സൗകര്യമൊരുക്കണമെന്ന് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനോടൊപ്പം എന്തെല്ലാം നിർദ്ദേശങ്ങളാണ് ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

ബി) എത്ര സമയത്തിനുള്ളിൽ പ്രസ്തുത വിധി നടപ്പാക്കണമെന്ന നിർദ്ദേശമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

സി) കോടതി വിധി നടപ്പാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

എ), ബി), & സി) സ്ത്രീകൾക്കും, കുട്ടികൾക്കും, വികലാംഗർക്കും ശബരിമലയിൽ പ്രത്യേക ദർശന സൗകര്യം അടുത്ത മണ്ഡല മകരവിളക്ക് സീസൺ മുതൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല ഹൈപവർ കമ്മിറ്റിയും ചേർന്ന് തീരുമാനമെടുത്ത് നടപ്പാക്കണമെന്ന് ഹൈക്കോടതി 19/03/2014 -ലെ ഡി.ബി.പി. നം. 136/2012 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ നടത്തിയ അവലോകന യോഗത്തിൽ ഇതു സംബന്ധമായി വിശദമായ ചർച്ച നടക്കുകയും ആയതിന്റെ സാദ്ധ്യത പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു

സെക്ഷൻ ഓഫീസർ